6.	ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്	-	1.15
7.	ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ	-	60.59
8.	നാഷണൽ ഹൈവേ	-	വിവരം ശേഖരിച്ചുവരുന്നു.
	ആകെ	-	787.48

(ബി) 50.13 കോടി രൂപ.

(സി) തൊഴിലില്ലായ്മ വേതനം - 59.88 കോടി രൂപ

കർഷകത്തൊഴിലാളി പെൻഷൻ - 40.65 കോടി രൂപ

(ഡി)&(ഇ) ഗവൺമെന്റിന്റെ സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ച് കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്.

ദീർഘകാല അവധിയിൽ വിദേശത്തുജോലി ചെയ്യുന്നവർ

38 (370) ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാല അവധിയിൽ വിദേശത്ത് ജോലിനോക്കുന്നവരും മറ്റും പെൻഷനാകുന്നതിന് ഒരു വർഷം മുമ്പ് ജോലിയിൽ തിരികെ പ്രവേശിക്കണമെന്ന ഉത്തരവ് മുൻകാല പ്രാബല്യത്തോടെ റദ്ദ് ചെയ്തതായി ധനകാര്യ വകുപ്പിന്റെ ഏതു സെക്ഷനിൽ നിന്നുമാണ് പത്രക്കുറിപ്പ് നൽകാൻ നടപടി എടുത്തത്;

(ബി) പത്രക്കുറിപ്പു നൽകിയതും ഉത്തരവിറക്കിയതും പെൻഷൻ സെക്ഷൻ അറിയാതെയാണോ;

(സി) ഇങ്ങനെ ഉത്തരവിറക്കുകയും പത്രക്കുറിപ്പ് നൽകുകയും ചെയ്തതുകൊണ്ട് 1997 ആഗസ്റ്റു മാസത്തിന് മുമ്പ് ദീർഘകാല അവധി ലഭിച്ചവരും എന്നാൽ 8.8.97-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽനിന്ന് തിരികെ പ്രവേശിക്കേണ്ടവരുമായിരുന്നവർ സർവ്വീസിൽ പ്രവേശിക്കാതിരുന്നിട്ടുണ്ടോ;

(ഡി) പെൻഷന് ഒരുവർഷം മുമ്പ് വരെ മാത്രം ലീവ് ലഭിച്ചവർ പത്രക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ പ്രവേശിക്കാതെ ലീവ് നീട്ടികിട്ടുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ;

(ഇ) പത്രക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ തിരികെ പ്രവേശിക്കാതിരുന്നവർക്ക് പെൻഷനും മറ്റും ലഭിക്കുമോ;

(എഫ്)ഇല്ലെങ്കിൽ ജീവനക്കാരുടേതല്ലാത്ത കുഴപ്പം കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ജി) ഒരു വർഷത്തിനുമുമ്പ് സർവ്വീസിൽ തിരികെ പ്രവേശിക്കണമെന്ന ഉത്തരവ് മുൻകാല പ്രാബല്യത്തോടെ റദ്ദ്ചെയ്ത സർക്കാർ പത്രക്കുറിപ്പ് കാരണം ജീവനക്കാർക്കുണ്ടായ ദുരിതാശ്വാസം പരിഹരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദീർഘകാല അവധിയിൽ വിദേശത്ത് ജോലിനോക്കുന്നവരും മറ്റും പെൻഷനാകുന്നതിന് ഒരു വർഷം മുമ്പ് ജോലിയിൽ തിരികെ പ്രവേശിക്കണമെന്ന ധനകാര്യ പെൻഷൻ ബി സെക്ഷന്റെ 8.8.97-ലെ 684-ാം നമ്പർ ഉത്തരവ് ക്യാൻസൽ ചെയ്തിട്ടില്ല. മറിച്ച് പ്രസ്തുത ഉത്തരവിലെ തീരുമാനങ്ങൾ കെ.എസ്.ആർ. ഭാഗം ഒന്നിൽ ചേർക്കുന്ന നടപടിയുടെ മുന്നോടിയായി 'ധനകാര്യ റൂൾസ്' സെക്ഷൻ പുറപ്പെടുവിച്ച 1.6.98-ലെ 1513-ാം നമ്പർ ഉത്തരവും 24.7.98-ലെ 1810-ാം നമ്പർ ഉത്തരവുമാണ് മുൻകാല പ്രാബല്യത്തോടെ 18.5.2000-ലെ 887-ാം നമ്പർ ഉത്തരവുവഴി 'ധനകാര്യ റൂൾസ്' സെക്ഷനിൽനിന്നും ക്യാൻസൽ ചെയ്തത്. പെൻഷനാകുന്നതിന് ഒരു വർഷം മുമ്പ് തിരികെ ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ സർവ്വീസിൽനിന്നും പിരിച്ചുവിടപ്പെടും എന്ന ഉത്തരവിന് സാധൂകരണമില്ലാത്തതിനാലാണ് പ്രസ്തുത ഉത്തരവുകൾ റദ്ദാക്കിയത്.

(ബി) മേൽ വിവരിച്ച സാഹചര്യത്തിൽ ധനകാര്യ റൂൾസ് സെക്ഷൻ പുറപ്പെടുവിച്ച ഉത്തരവുകൾക്ക് സാധൂകരണമില്ലാത്തതിനാലാണ് അവ ക്യാൻസൽ ചെയ്തത്. ഇക്കാര്യത്തിൽ പെൻഷൻ സെക്ഷന്റെ അഭിപ്രായം ആരാഞ്ഞിരുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ധനകാര്യവകുപ്പിൽ ഇതു സംബന്ധിച്ച അപേക്ഷകളോ ഭരണ വകുപ്പിന്റെ ഫയലുകളോ പരിഗണനയിലില്ല.

(ഇ) അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽനിന്നും പിരിച്ചുവിടാതിരിക്കുന്നിടത്തോളംകാലം ലീവിൽ പ്രവേശിക്കുന്നതിന് മുമ്പുള്ള ക്വാളിഫയിംഗ് സർവ്വീസിന് അർഹമായ റിട്ടയർമെന്റാനുകൂല്യങ്ങൾ ലഭിക്കും.

(എഫ്) ഉപചോദ്യം ഇ-യുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ജി) ഉപചോദ്യം സി-യുടെ വെളിച്ചത്തിൽ ഉപചോദ്യം ജി- ഉദിക്കുന്നില്ല.

റാന്നി താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്

39 (371) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ മതിയായ ഫണ്ടില്ലാത്തതുമൂലം റാന്നി താലൂക്കാശുപത്രിയുടെ നിർമ്മാണപ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 20% ഫണ്ടില്ലാത്തതിനാൽ റാന്നി-പെരുനാട് കോസ്വേയുടെ നിർമ്മാണം ടെണ്ടർ ചെയ്യാൻ കഴിയാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിലെ ഏറ്റവും വിസ്തൃതിയേറിയ റാന്നി നിയോജകമണ്ഡലത്തിലെ ഈ രണ്ട് പ്രവൃത്തികൾക്ക് മതിയായ ഫണ്ടനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പച്ചക്കാനം-പ്ലാപ്പള്ളി റോഡ് പുനരുദ്ധാരണത്തിന് വേണ്ടി ഭരണാനുമതിക്കായി പി.ഡബ്ല്യൂ.ഡി.യ്ക്ക് സമർപ്പിച്ച ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; പി.ഡബ്ല്യൂ.ഡി. അയച്ചിരിക്കുന്ന ഫയൽ അവർക്ക് തന്നെ മടക്കിക്കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?
1189/2010.

LIBRARY ARCHIVES Kerala Legislative Assembly